A

# സമഗ്ര ശിക്ഷാ, കേരളം

512

## പാദവാർഷിക മൂല്യനിർണയം 2022-23

## അടിസ്ഥാന പാഠാവലി

ക്ലാസ് - 5

സമയം: 2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറ് പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറ് വരെയുള്ള പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരം എഴുതിയാൽ മതി.

പ്രവർത്തനം - 1 കവിത വായിക്കാം എഴുതാം

പൂക്കാലം

കുളിർകാടുകളിൽ കൂകിക്കൂകി-
ക്കൂത്താടുന്നോരാൺമയിലേ,
കാവുകൾ തോറും പാടിപ്പാടി-
ക്കളിയാടുന്ന കരിങ്കുയിലേ,
പൂന്തേൻ നുകരാൻ പൂങ്കാവുകളിൽ-
പ്പുതുമലർ തേടും വരിവണ്ടേ,
വരുമോ നിങ്ങൾ കളിപ്പാനെന്മലർ-
വാടിയിൽ വളരെത്തണലുണ്ടേ!
പൂവുകൾ തോറും പുഞ്ചിരി തൂകി-
പ്പുതുമയൊടെത്തീ പൂക്കാലം!
തളിരുകൾ ചൂടാം തണലിൽ കൂടാം,
കിളികൾക്കെല്ലാമനുകൂലം!

- ജി.ശങ്കരക്കുറുപ്പ്

എ) കുളിർകാടുകളിൽ കൂകിക്കൂകി കൂത്താടുന്നതാര്?

- കരിങ്കുയിൽ
- ആൺമയിൽ
- വരിവണ്ട്

ബി) കരിങ്കുയിൽ കളിയാടുന്നതെങ്ങനെയാണ്?

- കാവുകൾ തോറും പാടിപ്പാടി

• കുളിർകാടുകളിൽ കൂകിക്കൂകി

• പൂവുകൾ തോറും പുഞ്ചിരി തൂകി

സി) 'പുതിയ പൂവ്' എന്നർത്ഥം വരുന്ന പദം പദ്യഭാഗത്തുനിന്ന് കണ്ടെത്തിയെഴുതുക.

• പൂങ്കാവ്

• പൂന്തേൻ

• പുതുമലർ

ഡി) കാവുകൾ തോറും പാടിപ്പാടി

അടിവരയിട്ട ശബ്ദഭംഗിയുള്ള പദത്തിന് സമാനമായ രീതിയിലുള്ള മറ്റൊരു പ്രയോഗം പദ്യഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.

ഇ) 'മലർവാടിയിൽ കളിപ്പാൻ' ആരെയൊക്കെയാണ് കവി ക്ഷണിക്കുന്നത്?

**പ്രവർത്തനം - 2 വർണ്ണന തയാറാക്കുക.**

"പുഴയിൽ പുതുവെള്ളപ്പാച്ചിലിൽ പൊടിമീനും
മഴതൻ സംഗീതത്തിൽ കുട്ടിയും നീന്തിപ്പോയി"

മഴയുടെ സംഗീതം ആസ്വദിക്കുന്ന ഒരു കുട്ടിയുടെ ചിത്രമാണ് ഓ.എൻ.വി.കുറുപ്പ് വർണിക്കുന്നത്.

മഴക്കാറ് വരുമ്പോൾ ആകാശമിരുളുന്നത്.......
പക്ഷികളുടെ കലപില ശബ്ദം . . .
ചൂളം വിളിച്ചെത്തുന്ന കാറ്റിൽ ആടിയുലയുന്ന മരങ്ങൾ . . .
ഇങ്ങനെ എത്രയെത്ര കാഴ്ചകളാണ് മഴക്കാലം നിങ്ങൾക്ക് സമ്മാനിച്ചിട്ടുണ്ടാവുക!

എ) മഴക്കാല കാഴ്ചകളെക്കുറിച്ച് ഒരു വർണന തയാറാക്കൂ.

ബി) കറുത്ത ആകാശം എന്ന് അർത്ഥം വരുന്ന പദം ഏത്?
(നീലവാനം തെളിമാനം, കരിവാനം)

**പ്രവർത്തനം - 3 കഥാപാത്രനിരൂപണം തയാറാക്കാം**

'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന കഥയിൽ ഇലവുമരം മുറിച്ചു മാറ്റിയ സംഭവം വല്യമ്മയുടെ ഹൃദയത്തെയാണ് സ്പർശിച്ചത്. അത് അവരെ ദു:ഖത്തിലാഴ്ത്തി. തന്റെ ജീവിതത്തിന്റെ ലക്ഷ്യം തകർന്നുപോയെന്ന് വല്യമ്മയ്ക്കു തോന്നി.

എ) വല്യമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കുക.

ബി) കൂട്ടത്തിൽ ചേരാത്തത് കണ്ടെത്തി എഴുതൂ.

• ഒരമ്മ പെറ്റ മക്കളെപ്പോലെ

• കൂട്ടുകാരനെപ്പോലെ

• കൂടപ്പിറപ്പിനെപ്പോലെ

**പ്രവർത്തനം - 4** **കുറിപ്പ് തയാറാക്കുക**

പ്രിയപ്പെട്ട കൂട്ടുകാരേ,

പതുക്കെ മുറ്റത്തിറങ്ങി മരച്ചില്ലകളിലേക്കു നോക്കുക. പുലരിയെ എതിരേൽക്കുന്ന ഒരുപാടുപേരെ നിങ്ങൾക്കവിടെ കാണാൻ കഴിയും. പൂഞ്ചിറകുള്ളവർ മാത്രമല്ല, പൂക്കുലവാലുള്ള വരും അവിടെ ഉത്സാഹത്തോടെ തിമർക്കുന്നുണ്ടാവും.

സുഗതകുമാരിടീച്ചർ നമുക്കെഴുതിയ കത്ത് ഓർമ്മയുണ്ടല്ലോ. ചിത്രം ശ്രദ്ധിക്കൂ.



ഈ മരങ്ങളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ജീവജാലങ്ങളുടെ അവസ്ഥ എന്താകും?

എ) ഈ ചിത്രം നൽകുന്ന സന്ദേശം എന്താവാം? ചിത്രം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

ബി) മാതൃക നോക്കി പൂരിപ്പിക്കുക.

കിളിപ്പാട്ട് - കിളിയുടെ പാട്ട്

ചെടിച്ചില്ല - ..........................

പ്രവർത്തനം - 5 ആസ്വാദനക്കുറിപ്പ് തയാറാക്കുക

**ആദ്യവിദ്യാലയം**

അറുപതു വർഷങ്ങൾക്കപ്പുറമാണെന്റെ
അരുമയാമാദ്യത്തെ, വിദ്യാലയം.
. . . . . . . . . .
മിഴികൾക്കു മുന്നിൽത്തെളിഞ്ഞിടും വഴിവക്കിൽ
പഴയോല മേഞ്ഞൊരെൻ വിദ്യാലയം.
അവിടെ ഞാനാദ്യമായ് അക്ഷരപ്പൂവിലെ
ചെറുതേനെടുത്തു തേനീച്ചപോലെ.
അതുവരെ കാണാത്ത ഗുരുവരൻ അറിവിന്റെ
മധുരം വിളമ്പിയതവിടെയല്ലോ.
അതുവരെയറിയാത്ത കൂട്ടുകാർ വന്നെന്റെ
അകതാർ കവർന്നതുമവിടെയല്ലോ.
അറിവിന്റെ നീലവിഹായസ്സിലേറുവാൻ
ചിറകുമുളപ്പിച്ചതവിടമല്ലോ.

**പി.ഭാസ്കരൻ**

| |
|---|
| അകതാർ - മനസ്സ് |

എ) 'ആദ്യവിദ്യാലയം' എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

ചുവടെ ചേർത്ത കാര്യങ്ങൾ കൂടി പരിഗണിക്കുമല്ലോ.

- കവിതയുടെ ആശയം
- ഇഷ്ടപ്പെട്ട വരികൾ
- സവിശേഷപ്രയോഗങ്ങൾ
- മറ്റു പ്രത്യേകതകൾ (ശബ്ദഭംഗി)

**പ്രവർത്തനം - 6 ലഘു ഉപന്യാസം**

'ഒരേയൊരു ഭൂമി' എന്നതാണല്ലോ ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ സന്ദേശം. പ്രകൃതിയെ കാത്തു പരിപാലിക്കേണ്ടത് ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്ന് 'വിശ്വ വിദ്യാലയം' എന്ന യൂണിറ്റിലൂടെ നാം മനസ്സിലാക്കി. പരിസ്ഥിതി സംരക്ഷണത്തിനായി വിദ്യാർത്ഥികളായ നമുക്ക് ധാരാളം കാര്യങ്ങൾ ചെയ്യാനാവും.

എ) പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി തയാറാക്കുന്ന പതിപ്പിലേക്ക് **'പ്രകൃതിസംരക്ഷണവും വിദ്യാർത്ഥികളും'** എന്ന വിഷയത്തിൽ ഒരു ലഘു ഉപന്യാസം തയാറാക്കുക.

തലക്കെട്ട്, ആമുഖം
ഖണ്ഡികാകരണം
സ്വന്തം നിരീക്ഷണം, ഉപസംഹാരം
എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.



www.educationobserver.com